"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് - ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ ഇ ഗ്രാന്റ് പോർട്ടൽ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ(ന്യൂനപക്ഷ ക്ഷേമ )വകുപ്പ്

G.O.(Rt)No.4551/2024/GAD തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-

1. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20.07.2024, 05.08.2024 , 23.08.2024, 12.09.2024, 26.09.2024 എന്നീ തീയതികളിലെ MWD/780/2024- S നമ്പർ കത്തുകൾ
2. 27.08.2024 ലെ എം ഡബ്ല്യൂ 1/179/2024/പൊ. ഭ. വ നമ്പർ കത്ത്.
3. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ 07.09.2024 ൽ ചേർന്ന വകുപ്പ് തല ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ നടപടികുറിപ്പ്.

<u>ഉത്തരവ്</u>

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്ത് വന്നിരുന്ന **12** സ്കോളർഷിപ്പുകൾ കൂടാതെ, പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള "മാർഗ്ഗദീപം" എന്ന സ്കോളർഷിപ്പും ഇ-ഗ്രാന്റ് പോർട്ടൽ മുഖേന നടപ്പിലാക്കാൻ വകുപ്പ് തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായും, പുതിയ സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യുന്നതിന് **30** ലക്ഷം രൂപയുടെ പ്രൊപ്പോസൽ സി-ഡിറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും, കൂടാതെ സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്ത് കഴിയുമ്പോൾ സെക്യൂരിറ്റി ആഡിറ്റ് നടത്തുന്നതിനായി ഏകദേശം **5** ലക്ഷം രൂപ കൂടി പ്രതീക്ഷിക്കുന്നതിനാൽ, **e-grantz** സോഫ്റ്റ് വെയർ **C-Dit** മുഖേന ഡെവലപ്പ് ചെയ്യുന്നതിനും സെക്യൂരിറ്റി ആഡിറ്റിനുമായി **2225-04-001-98(P)** ശീർഷകത്തിൽ നിന്നും **35** ലക്ഷം രൂപ അനുവദിയ്ക്കുന്നതിന് പരാമർശം **(1)** ലെ കത്തുകൾ പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ, ഐ റ്റി മിഷൻ പ്രതിനിധിയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വകുപ്പ് തല ടെക്നിക്കൽ കമ്മിറ്റിയുടെ അഭിപ്രായം സഹിതം പുനഃസമർപ്പിക്കുവാൻ പരാമർശം **(2)** പ്രകാരം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ഐ റ്റി മിഷൻ പ്രതിനിധിയെ ഉൾപ്പെടുത്തിക്കൊണ്ട് വകുപ്പ് തലത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും, **07.09.2024**

ന് കമ്മിറ്റി യോഗം ചേരുകയുമുണ്ടായി. പ്രസ്തുത യോഗ തീരുമാനം പരാമർശം (3) പ്രകാരം ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (3) ലെ ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം **module wise split up cost, Go to live time period** എന്നീ വിശദാംശങ്ങൾ സി-ഡിറ്റിൽ നിന്നും ലഭ്യമാക്കിയതിൻപ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ പരാമർശം (1) ലെ 26.09.2024 ലെ കത്ത് പ്രകാരം ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പ്രകാരം ഇരുപത്തിനാല് ലക്ഷം രൂപയുടെ കോസ്റ്റ് എസ്റ്റിമേറ്റാണ് സി- ഡിറ്റ് സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത തുകയോടൊപ്പം ജി എസ് ടി,സെക്യൂരിറ്റി ഓഡിറ്റ് എന്നിവയ്ക്കാവശ്യമായ തുകകൾ കൂടി ചേർക്കുമ്പോൾ പദ്ധതിയ്ക്കാവശ്യമായ ആകെ തുക 33,32,000/- രൂപയാണ്.

*2)* സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ **e-grantz** പോർട്ടൽ സജ്ജമാക്കുന്നതിനായുള്ള പ്രൊപ്പോസൽ വകുപ്പ് തലത്തിൽ ടെക്നിക്കൽ കമ്മിറ്റി കൂടി പരിശോധിച്ചിട്ടുള്ള സാഹചര്യത്തിൽ, പരാമർശം (3) ലെ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ **e-grantz** സോഫ്റ്റ് വെയർ **C-Dit** മുഖേന ഡെവലപ്പ് ചെയ്യുന്നതിനും സെക്യൂരിറ്റി ആഡിറ്റിനുമായി 33,32,000/-രൂപയുടെ (മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തിരണ്ടായിരം രൂപ മാത്രം ) ഭരണാനുമതി നടപ്പു സാമ്പത്തിക വർഷം **2225-04-001-98(P) Modernisation** ശീർഷകത്തിൽ നിന്നും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI M R
JOINT SECRETARY

ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്,എ &ഇ) കേരളം, തിരുവനന്തപുരം
വെബ് ആന്റ് ന്യൂ മീഡിയ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba Beegom A M
സെക്ഷൻ ഓഫീസർ
Date: 15-10-2024 16:10:18